3945
9/4/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷ മിഷൻ - സ്നേഹപൂർവ്വം പദ്ധതി - 2014- 2015 - അധിക ധനസഹായമായി ബഡ്ജറ്റിൽ അനുവദിച്ച തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം. 195/2015/സാനീവ തീയതി, തിരുവനന്തപുരം, 28.03.2015

==========================================================================

പരാമർശം : 1. കേരള സാമൂഹ്യ സുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.03.2015 ലെ 10361 പി.5/2014/കെ.എസ്.എസ്.എം. നമ്പർ കത്ത്.

2. സ.ഉ (സാധാ) നം.2479/2015/ധനം തീയതി 21.03.2015

<u>ഉത്തരവ്</u>

മാതാപിതാക്കൾ രണ്ട് പേരും നഷ്ടപ്പെടുകയോ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്ന ആൾക്ക് കുട്ടികളെ സ്വന്തം ഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിനായി പ്രതിമാസ ധനസഹായം നൽകുന്ന ' സ്നേഹപൂർവ്വം' പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തിയിരുന്നു.

2. സ്നേഹപൂർവ്വം പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരുന്ന തുകയ്ക്ക് പുറമേ 1,79,79,040/- രൂപ മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ചതായും സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 1- ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു. ഈ പദ്ധതിയ്ക്കായി പരാമർശം 2 ലെ ഉത്തരവ് പ്രകാരം ധനപുനർ വിനിയോഗം മുഖേന അനുവദിച്ച 10 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ.ഷാജഹാൻ

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ